LIBRARY ARCHIVES Kerala Legislative Assembly

ഗുണ്ടാനിയമം

17. [*17] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണ്ടാനിയമം നിലവിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ പ്രാബല്യത്തിൽ വന്നുവെന്നും, ഇതിനകം എത്ര ഗുണ്ടകളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) അറസ്റ്റ് ചെയ്തവരെ വിചാരണ ചെയ്യാനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (മുഖ്യമന്ത്രി ഇൻ ചാർജ്) (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) സംസ്ഥാനത്ത് ഗുണ്ടാനിയമം നിലവിൽ വന്നിട്ടുണ്ട്.

(ബി) 15-12-2005-ന് ഗുണ്ടാനിയമം ഓർഡിനൻസ് ആയി നിലവിൽ വന്നു. ഇതിനകം ഈ നിയമപ്രകാരം ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) ഉത്തരം (ബി)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സ്മാർട്ട്സിറ്റി സ്ഥാപിക്കാൻ നടപടി

18. [*18] ശ്രീ. ബിനോയ് വിശ്വം :

,, എൻ. രാജൻ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ സ്മാർട്ട്സിറ്റി സ്ഥാപിക്കുന്നതിനുള്ള കരാർ ഒപ്പു വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്മാർട്ട്സിറ്റി സ്ഥാപിക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതലാരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്തുകൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഇല്ല.

(ബി) ഉണ്ട്.